# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1616

21.01.2014 ലെ
മറുപടിയ്ക്ക്

### പതിനൊന്നാം പഞ്ചവൽസരപദ്ധതിക്കാലത്തെ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി)

എ) പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തു തുകയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

എ) വയനാട് ജില്ലയിലെ എം.എസ്.ഡി.പി പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്ന് ആകെ 1869.805 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം, 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം, 3 കുടിവെള്ള വിതരണ പദ്ധതികളുടെ നിർമ്മാണം, മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ ലബോറട്ടറി നവീകരണം, ജില്ലാ ആസ്ഥാനത്ത് ഐ.ടി.എനേബിൾഡ് സെൽ സ്ഥാപിക്കൽ, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം എന്നിവക്കാണ് ഈ തുക ലഭിച്ചിട്ടുള്ളത്.

ബി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വർഷം തോറും ചെലവഴിച്ച തുകയുടെയും, നടപ്പാക്കിയ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കാമോ;

ബി) വർഷം തോറും വിനിയോഗിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(i) MSDP- Financial Year wise Expenditure of Fund (Rs. In Lakh)- വയനാട്

| സാമ്പത്തിക വർഷം | കേന്ദ്ര സഹായം | | സംസ്ഥാന സഹായം | | ആകെ | |
|---|---|---|---|---|---|---|
| | ലഭിച്ച തുക | വിനിയോഗിച്ച തുക | ലഭിച്ച തുക | വിനിയോഗിച്ച തുക | ലഭിച്ച തുക | വിനിയോഗിച്ച തുക |
| 2010-11 | 76.5 | | 14.5 | | | |
| 2011-12 | 1381.24 | 707.74 | 554.17 | 248.25 | 1935.41 | 955.99 |
| 2012-13 | 37.07 | 37.06 | | 0.87 | 37.07 | 37.93 |
| 2013-14 | 375 | 712.07 | 125 | 265.8 | 500 | 977.87 |
| **ആകെ** | **1869.81** | **1456.87** | **693.67** | **514.92** | **2563.48** | **1971.79** |

നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | കിട്ടിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക(രൂപ ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|
| 1 | പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 | 180 | പൂർത്തീകരിച്ച. |
| 2 | 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം | 423.29 | 423.29 | പൂർത്തീകരിച്ചു |
| 3 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേയ്ക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 700.000 | 700 | പൂർത്തീകരിച്ചു |
| 4 | പൂതാടി ഗ്രാമപഞ്ചായത്തിലെ നടവയൽ വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 250 | 250 | പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 5 | പടിഞ്ഞാറെത്തറ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറെ ത്തറ, കപ്പാടിത്തറ വില്ലേജി ലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി. | 430 | 376.25 | ജനുവരി മാസം അവസാനത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 6 | മേപ്പാടി ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലെ ലബോറട്ടറികളുടെ നവീകരണം | 75 | 37.93 | ഒരു ലാബ് നിർമ്മാ ണം പൂർത്തിയാക്കി രണ്ടാമത്തെ ലാബിന്റെ പ്രവർത്തി പുരോഗമിക്കുന്നു. |
| 7 | ജില്ലാ ആസ്ഥാനത്തെ ഐ.ടി എനേബിൾഡ് സെൽ | 5.19 | 4.32 | ഐ.ടി. സെൽ കളക്ടറേറ്റിൽ പ്രവർത്തിച്ച് വരുന്നു. |
| 8 | സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 500 | ഇല്ല | പി.ഡബ്ല്യു.ഡി. മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| | ആകെ | 2563.48 | 1971.79 | |

സി) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ നാളിതുവരെ വിനിയോഗിച്ച തുകയുടെയും, ഏറ്റെടുത്ത പദ്ധതികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സി) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്കായി ആകെ 2430.01 ലക്ഷം രൂപ (കല്പറ്റ – 669.99 ലക്ഷം രൂപ, പനമരം – 390.02 ലക്ഷം രൂപ, , സുൽത്താൻ ബത്തേരി - 680 ലക്ഷം രൂപ, മാനന്തവാടി- 690 ലക്ഷം രൂപ, പൊന്നാനി ടൗൺ - 249.98 ലക്ഷം രൂപ)- യുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ